# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6465 | 03.04.2018 -ലെ മറുപടി

**കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആന്റ് റഗുലേഷൻ) നിയമം**

**ചോദ്യം** | **മറുപടി**

**ശ്രീ.മഞ്ഞളാംകുഴി അലി**

**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മാത്യു ടി. തോമസ്**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആന്റ് റഗുലേഷൻ) നിയമം നിലവിൽ വന്നശേഷം സംസ്ഥാനത്തെ ജലചൂഷണം തടയുന്നതിന് സർക്കാരിന് എത്ര മാത്രം ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം, എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട് ഈ ആക്റ്റിൻ പ്രകാരമുള്ള ചട്ടങ്ങൾ 2004 മാർച്ച് 16 -ന് നിലവിൽ വരുകയും ഇത് അനുസരിച്ച് കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട് വിഞ്ജാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട് ഇത്തരം പ്രദേശങ്ങളിൽ കുഴൽകിണറുകളുടെ നിർമ്മാണത്തിനും, നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരം സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ഭൂജലശേഷി പരിഗണിക്കാതെ ഭൂജലം ചൂഷണം ചെയ്യുന്ന പ്രവണത തുടരുന്ന |

| | | | |
|---|---|---|---|
| | | | തിനാലും, ക്രമരഹിതമായി നടത്തുന്ന ഭൂജല ചൂഷണം അങ്ങനെയുള്ള പ്രദേശങ്ങളിൽ അന ഭിലക്ഷണീയമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോദ്ധ്യമായിരിക്കുന്ന തിനാലും, ഭൂജലം സംസ്ഥാനത്തിന്റെ ഒരു നിർണ്ണായക വിഭവമായിരിക്കുന്നതിനാലും പൊതുതാത്പര്യം മുൻ നിർത്തിയാണ് ആക്റ്റ് സംസ്ഥാനത്ത് സർക്കാർ നടപ്പിലാക്കി വരുന്നത്. |
| ബി) | ഈ നിയമത്തിന് 2017 ൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം ജലത്തിന്റെ ഉപഭോഗത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്നാണ് കരുതുന്നത്; | ബി) യും സി) യും ഡി) യും | ഇതു സംബന്ധിച്ചുള്ള പഠനങ്ങൾ ഇതുവരെ നടത്തിയിട്ടില്ല |
| സി) | ഇത് സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയാൻ ഇടയാക്കുമെന്ന് കരുതുന്നുണ്ടോ; | | |
| ഡി) | എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**